*02-06-2026*
*Adjournment motion*

മി. സ്പീക്കർ: ഓർഡർ... ഓർഡർ ....

**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

നിത്യോപയോഗ സാധനങ്ങളുടെ വിലവർധന

മി. സ്പീക്കർ: പെട്രോളിയം ഉൽപന്നങ്ങളുടെ വില വർധനയും വാണിജ്യ-ഗാർഹിക പാചകവാതകത്തിന്റെ വില വർധനയ്ക്ക് പുറമെയുള്ള ലഭ്യതക്കുറവും നിത്യോപയോഗ സാധനങ്ങളുടെ വില വർധനയും ജനജീവിതം ദുസ്സഹമാക്കിയിരിക്കുകയാണെന്നും ഹോട്ടൽ-റെസ്റ്റോറന്റ് മേഖലയിൽ രൂക്ഷമായ പ്രതിസന്ധിയാണ് നേരിടുന്നതെന്നും ഇതിൽ സംസ്ഥാന സർക്കാർ ഇടപെടാത്തതായി പറയുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവശ്രീ കെ. എൻ. ബാലഗോപാൽ, കെ. രാജൻ, പി. കെ. പ്രവീൺ എന്നിവർ ചട്ടം 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഇവിടെ റൂൾ 50 അനുസരിച്ച് നൽകിയിട്ടുള്ള നോട്ടീസിൽ പറഞ്ഞിരിക്കുന്ന കുറെ കാര്യങ്ങൾ ഭാഗികമായി ശരിയാണ്. കാരണം പെട്രോളിയം ഉൽപന്നങ്ങളുടെയും വാണിജ്യ, ഗാർഹിക പാചകവാതകത്തിന്റെയും ഒക്കെ വില വർധന തീർച്ചയായും നിത്യോപയോഗ സാധനങ്ങളുടെ വില വർധിപ്പിക്കുന്നതോടൊപ്പം നാണ്യപ്പെരുപ്പത്തിനുള്ള സാധ്യതകളും വർധിപ്പിച്ചിരിക്കുകയാണ്. ഗൾഫ് യുദ്ധത്തിന്റെകൂടി പശ്ചാത്തലത്തിലാണ് കേന്ദ്ര ഗവൺമെന്റ് പെട്രോൾ-ഡീസൽ വിലയും പാചകവാതകത്തിന്റെ വിലയും നിരന്തരമായി

*02-06-2026*
*Adjournment motion*

വർധിപ്പിച്ചുകൊണ്ടിരിക്കുന്നതെന്നും നമുക്കറിയാം. സർക്കാർ നേരിടുന്നൊരു പ്രശ്നമെന്ന് പറയുന്നത്, പെട്രോൾ-ഡീസൽ വില ഒരു പ്രാവശ്യമോ രണ്ടുപ്രാവശ്യമോ അല്ല വർധിപ്പിക്കുന്നത്, ഇത് വർധിപ്പിച്ചുകൊണ്ടേയിരിക്കുകയാണ്. മേയ് 15 മുതൽ നാല് പ്രാവശ്യമാണ് പെട്രോൾ, ഡീസൽ വിലയിൽ വർധന വരുത്തിയിട്ടുള്ളത്. മേയ് 15, 19, 23, 25 എന്നീ തീയതികളിൽ വില വർധിപ്പിച്ചു. അതിനുശേഷവും ഏതുസമയത്തും ഇനിയും വില വർധനയുണ്ടാകുമെന്നുള്ള റിപ്പോർട്ടുകളാണ് ഡൽഹിയിൽ നിന്നുണ്ടാകുന്നത്. അതിനാൽ ഇക്കാര്യത്തിൽ അനിശ്ചിതത്വം നിലനിൽക്കുകയാണ്. ഓരോ പ്രാവശ്യം വില വർധിപ്പിക്കുമ്പോഴും ഉദാഹരണത്തിന് മേയ് 15-ന് വില വർധനയുണ്ടായപ്പോൾ, എത്ര ടാക്സ് കൂടുതൽ ലഭിക്കും; എന്താണ് ഇതിന്റെ സോഷ്യൽ-ഇക്കണോമിക് ഇംപാക്ട് എന്ന് പരിശോധിക്കുമ്പോഴേക്കും പിറ്റേദിവസം അല്ലെങ്കിൽ രണ്ട് ദിവസം കഴിയുമ്പോൾ വീണ്ടും വില വർധിപ്പിക്കുകയാണ്. അതിനാൽ ഇത് മൊത്തത്തിലുണ്ടാക്കിയിരിക്കുന്ന ആഘാതം എന്താണെന്ന് നമുക്ക് പരിശോധിക്കണം. അങ്ങനെ പരിശോധിച്ചിട്ടാണ് സർക്കാർ ഈ കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നത്. ഏതെല്ലാം തരത്തിൽ സംസ്ഥാനത്തിന് നികുതി വരുമാന വർധനയുണ്ടായിട്ടുണ്ട്; ഏതെല്ലാം തരത്തിലുള്ള സാമൂഹിക-സാമ്പത്തിക പ്രത്യാഘാതങ്ങൾ നമ്മുടെ സമൂഹത്തിലും സാമ്പത്തിക രംഗത്തുമുണ്ടായായിട്ടുണ്ട്; നാണ്യപ്പെരുപ്പവും വിലക്കയറ്റവും എത്രമാത്രം ബാധിച്ചിട്ടുണ്ട്; വിലക്കയറ്റം നിയന്ത്രിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയും എന്നുള്ള കാര്യങ്ങൾ തീരുമാനിക്കണമെങ്കിൽ ഈ

അനിശ്ചിതത്വം അവസാനിപ്പിക്കണം. അതിനാൽ കുറച്ചുദിവസങ്ങൾകൂടി കാത്തിരുന്നതിനുശേഷം മാത്രമേ ഇതുസംബന്ധിച്ച തീരുമാനം ഗവൺമെന്റിന് എടുക്കാൻ കഴിയുകയുള്ളൂവെന്ന് ഞാൻ ഈയവസരത്തിൽ വ്യക്തമാക്കുകയാണ്.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, പുതിയ ഗവൺമെന്റ് വന്നതിനുശേഷം പൂർണ്ണ സെഷൻ ആരംഭിക്കുകയാണ്. വളരെ അടിയന്തരമായ ഒരു സാഹചര്യമുള്ളതുകൊണ്ടാണ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം കൊണ്ടുവന്നത്, അല്ലാതെ പുതുതായി ഒരു ഗവൺമെന്റ് വന്നതുകൊണ്ടല്ല. ഇത്തരമൊരു വിഷയം കൊണ്ടുവരാതിരിക്കാൻ കഴിയാത്ത അവസ്ഥയുള്ളതുകൊണ്ടാണ്. സഭയുടെ നടപടിക്രമങ്ങൾ അനുസരിച്ചുതന്നെ ഈ വിഷയം പ്രത്യേകമായി ചർച്ച ചെയ്യണമെന്നുള്ള ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. ധനകാര്യ വകുപ്പിന്റെകൂടി ചുമതല കൂടി വഹിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ഇതുസംബന്ധിച്ച് കൃത്യമായ ഒരു ധാരണയുണ്ടായതിനുശേഷം കാര്യങ്ങൾ തീരുമാനിക്കാമെന്നാണ്. കഴിഞ്ഞ മാർച്ച് 31-നുശേഷം മൂന്നോനാലോ തവണ വില വർധിച്ചു, ഇനിയും വില വർധിപ്പിച്ചുകൊണ്ടേയിരിക്കും. ഇതിനിടയിൽ കേന്ദ്ര സർക്കാർ എക്സൈസ് ഡ്യൂട്ടി കുറച്ചു. അന്തർദേശീയ വിപണിയിൽ ക്രൂഡ് ഓയിലിന്റെ വില 104-നുമുകളിൽ ഉയർന്നതിനുശേഷം കുറയുകയും ചെയ്തതുൾപ്പെടെ പല രീതിയിലുള്ള മാറ്റങ്ങളുണ്ടായി. ഇനിയും വില വർധിച്ചുകൊണ്ടിരിക്കാം. ഏതെങ്കിലും ഒരു സമയത്ത് വിലവർധന നിന്നശേഷം ഈ വിഷയം ചർച്ച ചെയ്യാമെന്ന് പറഞ്ഞാൽ അത് നടക്കാത്ത കാര്യമാണ്. വില വർധന നിർത്തിയശേഷം ഇന്ത്യയിലെ ഏതെങ്കിലും ഒരു സംസ്ഥാനത്ത് ഇക്കാര്യം

സംബന്ധിച്ച് തീരുമാനമെടുക്കാൻ സാധിക്കുമോ? ഗുരുതരമായ അവസ്ഥയുണ്ടെന്നകാര്യം അദ്ദേഹം അംഗീകരിക്കുന്നു, ഈ സഭ അംഗീകരിക്കുന്നു, നാട്ടുകാർക്ക് അറിയുന്നതാണ്. കഴിഞ്ഞ മാർച്ച് 31-നുണ്ടായിരുന്നതിനേക്കാൾ എത്രയോ ഭീമമായ വില വർധനയാണ് ഒരോ ഉൽപന്നങ്ങൾക്കും ഉണ്ടായിട്ടുള്ളത്. വാണിജ്യ ഗ്യാസ് സിലിണ്ടറിന്റെ വില 1883/- രൂപയിൽനിന്നും ഒറ്റയടിക്ക് 3133/- രൂപയായി വർധിച്ചത് എല്ലാ സ്ഥാപനങ്ങളെയും ബാധിക്കുകയാണ്. ഹോട്ടലുകൾ പ്രവർത്തിക്കാത്ത അവസ്ഥയിലേയ്ക്കെത്തി. പെട്രോളിന്റെ വില 113 രൂപ 66 പൈസ, ഡീസലിന്റെ വില 102 രൂപ എന്നീ നിലയിലാണ് വർധിച്ചത്. നേരിട്ട് പരാമർശിച്ചില്ലെങ്കിലും നിർമ്മാണമേഖലയുമായി ബന്ധപ്പെട്ട് സീരിയസായ പ്രശ്നങ്ങളുണ്ട്. ബിറ്റുമിന്റെ വില, ടാറിന്റെ വില 54000/- രൂപയിൽനിന്നും ഏകദേശം ഒരുലക്ഷത്തിലധികം രൂപയായി വർധിച്ചു. വിമാന ഇന്ധനത്തിന്റെ വിലയും വർധിക്കുകയുണ്ടായി. ഇത്തരത്തിൽ വിലവർധനയുണ്ടായപ്പോൾ മുമ്പ് എങ്ങനെയാണ് ചെയ്തിരുന്നത്? കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്ന സമയത്ത് ഇപ്പോഴത്തെ മുഖ്യമന്ത്രി, അന്നത്തെ പ്രതിപക്ഷനേതാവ് ശബ്ദമുയർത്തിയതും നാട്ടിൽ സമരം നടന്നതുമായ ഒരു പശ്ചാത്തലമുണ്ട്. അത് പെട്രോളിന്റെ വില വർധിച്ചപ്പോൾ, അതിന്റെ ടാക്സ് കുറയ്ക്കണം, സംസ്ഥാനത്തിന്റെ ടാക്സിൽ ഇളവ് വരുത്തണമെന്ന ആവശ്യം പറഞ്ഞുകൊണ്ടായിരുന്നു. ഇക്കാര്യം മുമ്പ് ഉന്നയിച്ച ആളെന്ന നിലയിൽ, ഈ വില വർധനയിൽ സംസ്ഥാനത്തിന് ലഭിക്കുന്ന അധിക നികുതിയിൽ ഇളവ് കൊടുക്കുന്നത് ജനങ്ങളോടുള്ള മര്യാദയാണെന്ന് പറഞ്ഞ് സമരം ചെയ്ത

ഇപ്പോഴത്തെ മുഖ്യമന്ത്രി ഇതുസംബന്ധിച്ചുള്ള നിലപാട് എന്താണെന്നുള്ളത് പറയേണ്ടതല്ലേ? കണക്കുകൂട്ടാൻ വലിയ ബുദ്ധിമുട്ടൊന്നുമില്ല. ടാക്സിന്റെ റേറ്റുണ്ട്, അതിനാൽ കണക്കുകൂട്ടാൻ എളുപ്പമാണ്. 4/-രൂപ കൂടിക്കഴിഞ്ഞാൽ, അതിന്റെ മുപ്പതുശതമാനത്തിലധികമാണ് പെട്രോളിയത്തിന് കൂടിയത്. ഡീസലിന് ഇരുപത്തിരണ്ട് ശതമാനത്തിലധികവും വർധിച്ചിട്ടുണ്ട്. അത്തരത്തിൽ ഓരോന്നിനുമുള്ള ശതമാനമനുസരിച്ച് അധികമായി വർധിക്കുന്നത് വർധിപ്പിക്കുന്നില്ലെന്ന് തീരുമാനിക്കാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ ഒരുകാര്യമായതുകൊണ്ട് ഞാൻ പറയുന്നതാണ്. മറ്റൊരുകാര്യം കേരളത്തിന്റെ ധനസ്ഥിതിയിൽ നല്ല മെച്ചമുണ്ടെന്നുള്ളതാണ്. കൃത്യമായ കണക്ക് പറഞ്ഞാൽ എത്രയാണ് ഉണ്ടാകുന്ന ഗുണം എന്നത് സംബന്ധിച്ച കൃത്യമായ ധാരണയുണ്ട്. ഇന്ധന വില വർധിച്ചതുമൂലം 150 മുതൽ 180 കോടി രൂപ വരെ ഒരു മാസം സംസ്ഥാന സർക്കാരിന്റെ ഖജനാവിലേക്ക് അധികമായി വന്നുചേരും. ഈ വില വർധനയുടെ അടിസ്ഥാനത്തിൽ എന്തായാലും 1000 കോടി രൂപയുടെ മുകളിൽ വരുമാന വർധനയുണ്ടാകും. ഇങ്ങനെ വരുമാനത്തിലുണ്ടാകുന്ന വർധന കൊണ്ട് ഇന്ധനവിലയിൽ ഇളവ് കൊടുക്കാൻ സാധിക്കും. കുറവ് വരുത്തുന്നത് എങ്ങനെയുള്ളത് സർക്കാർ തീരുമാനിക്കേണ്ടതാണ്. ഇക്കാര്യം സംബന്ധിച്ച് നമ്മുടെ നാട്ടിൽ എങ്ങനെയാണ് ചർച്ച ചെയ്യാതിരിക്കുന്നത്. പെട്രോളിന്റെയും ഡീസലിന്റെയും വിലവർധന എല്ലാ മേഖലയെയും ബാധിക്കും. ആളുകളുടെ യാത്ര, സാധനങ്ങളുടെ വില, മത്സ്യബന്ധനം തുടങ്ങിയവയെയും ടൂറിസം മേഖലയുൾപ്പെടെയുള്ള എല്ലാ തൊഴിൽ മേഖലകളെയും ബാധിക്കും. എത്രയോ നാളുകളായി റോഡ്

ടാറിങ്ങുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികൾ മുടങ്ങിയിരിക്കുകയാണ്. പല സ്ഥലങ്ങളിലെയും ഹോട്ടലുകളിൽ ഇപ്പോൾ ഊണില്ല, പാഴ്സലുകൾ മാത്രമാണുള്ളത്. ഇതെല്ലാം രാഷ്ട്രീയത്തിലെ ഇടതുപക്ഷം, വലതുപക്ഷം എന്ന നിലയിലല്ല. അതുകൊണ്ട് ഇക്കാര്യത്തിൽ കൃത്യമായ ഒരു നിലപാട് വേണം. വില വർധന സംബന്ധിച്ച കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് സംസ്ഥാന ഗവൺമെന്റ് നിലപാടുകൾ സ്വീകരിക്കണം. ഞാൻ ഓരോന്നും വേർതിരിച്ചുള്ള കണക്കുപറയുന്നില്ല. ഏത് വർധനയും കേന്ദ്ര ഗവൺമെന്റിന് വലിയ തോതിൽ ഗുണമുണ്ടാവുകയാണ്. ബേസിക് എക്സൈസ് ഡ്യൂട്ടി 1.40 രൂപ മാത്രം സംസ്ഥാനങ്ങളുമായി കേന്ദ്ര ഗവൺമെന്റ് പങ്ക് വയ്ക്കുമ്പോൾ 19.90 രൂപയുടെ എക്സൈസ് ഡ്യൂട്ടിയാണ് പെട്രോളിന് മാത്രം ഒരു ലിറ്ററിന് വാങ്ങുന്നത്. കമ്പനികളുടെ ലാഭം, ഡിവിഡന്റ്, പെട്രോളിയത്തിന്റെ മറ്റ് ലാഭം എന്ന നിലയിൽ കേന്ദ്ര ഗവൺമെന്റിന് ഒരു വർഷം 4,15,244 കോടി രൂപ ഇതിന്റെ ഭാഗമായി അധികമായി വരുന്നുണ്ട്. ഇതിൽ ഏറ്റവും കൂടുതൽ കൊള്ളയടിക്കുന്നത് കേന്ദ്ര ഗവൺമെന്റാണെന്നതിൽ യാതൊരു സംശയവുമില്ല. ഇത് ഞങ്ങൾ നേരത്തെയും പറഞ്ഞുകൊണ്ടിരുന്നതാണ്. കേന്ദ്ര ഗവൺമെന്റ് കൊള്ളയടിക്കുമ്പോൾ സംസ്ഥാന ഗവൺമെന്റും അതിന്റെ കൂടെതന്നെ ഇക്കാര്യത്തിൽ ഒരു നിലപാട് എടുക്കുന്നു എന്നുള്ളതാണ്. ഞങ്ങൾ ഇക്കാര്യത്തിൽ മുമ്പ് എടുത്തിട്ടുള്ള നിലപാടുണ്ട്. ഞങ്ങൾ 2018 ലും 2022-ലും രണ്ട് ഘട്ടത്തിലും, എല്ലാ പ്രാവശ്യവും കുറച്ചു എന്ന് ഞാൻ പറയുന്നില്ല. പക്ഷേ അന്ന് ഇതുപോലെ നിരന്തരമായ വർധന വന്ന ഒരു സാഹചര്യമുണ്ടായിരുന്നില്ല. 2018-ൽ പെട്രോളിയത്തിന് ലിറ്ററിന് ഒരു രൂപ നിരക്കിൽ കുറയ്ക്കാൻ ഞങ്ങൾ

തീരുമാനിച്ചു. അന്ന് അഞ്ഞൂറിലധികം കോടി രൂപയുടെ ഇളവാണ് സംസ്ഥാന സർക്കാർ കൊടുത്തത്. അതുപോലെ 2022-ൽ കേന്ദ്രത്തിന്റെ എക്സൈസ് ഡ്യൂട്ടിയുടെ കുറവ് വന്നപ്പോൾ അപ്പോൾതന്നെ അത് സംസ്ഥാനത്തെ സാധാരണക്കാർക്ക് കൊടുക്കുന്ന തരത്തിലേക്ക് കാര്യങ്ങൾ വന്നു. ഇത്തരം കാര്യങ്ങളിൽ നമ്മുടെ നാട്ടിലെ സാധാരണക്കാരുടെ ജീവിതം മെച്ചപ്പെടുത്താൻ വേണ്ടിയുള്ള നിലപാടുകളെടുക്കേണ്ടതുണ്ട്. നമ്മുടെ സംസ്ഥാനത്ത് മത്സ്യമേഖലയിൽ ഡീസലിന് കുറച്ച് സബ്സിഡി നൽകേണ്ടതാണ്. ഗാർഹിക പാചകവാതകത്തിന്റെ വിഷയം ഞാൻ പറഞ്ഞു. പാചകവാതകം കിട്ടാനില്ല. നിലവിൽ ഒരു സിലിണ്ടർ മാത്രമേ കൊടുക്കുന്നുള്ളൂ, അടുത്ത സിലിണ്ടർ കിട്ടുമോയെന്ന് ഉറപ്പില്ല. അവ ലഭ്യമാകുന്ന കാര്യം ഉറപ്പാക്കാൻവേണ്ടിയുള്ള നിലപാട് സ്വീകരിക്കുന്നതോടൊപ്പം അവയ്ക്ക് സബ്സിഡിയും നൽകണം. ഇത്തരത്തിലുള്ള കാര്യങ്ങൾക്ക് പരിഹാരം കാണാതെ മുന്നോട്ടുപോകുന്നത് ബുദ്ധിമുട്ടാണ്. ഇതുപറയുമ്പോൾ ഞങ്ങൾ തൊട്ടുമുമ്പുവരെ ഭരണപക്ഷത്തിരുന്നതാണ്. പ്രതിപക്ഷത്ത് വന്നപ്പോൾ മാറ്റി പറയുന്നോ എന്ന തോന്നൽ വരാം. (ബഹളം....) അപ്പുറത്തിരുന്ന ഞങ്ങൾ ഇപ്പുറത്തേക്ക് മാറിയപ്പോൾ ഞങ്ങളുടെ അഭിപ്രായം മാറിയില്ല. 2 തവണ, 2018-ലും 2022-ലും ഞങ്ങൾ ഇക്കാര്യത്തിൽ ഇളവ് നൽകിയിട്ടുണ്ടെന്ന കാര്യം ചൂണ്ടിക്കാട്ടിയാണ് ഈ വിഷയം സഭയിൽ അവതരിപ്പിച്ചത്. മാത്രമല്ല, ഞങ്ങൾ അധികാരത്തിലിരിക്കുമ്പോൾ കേന്ദ്രസർക്കാർ ടാക്സിന്റെ പെർസെന്റേജ് ഡിവിസിബിൾ പൂളിൽനിന്ന് സംസ്ഥാനത്തിന് നൽകിയിരുന്നത് 1.92 ശതമാനമായിരുന്നു. 15-ാം

ധനകാര്യ കമ്മീഷന്റെ സമയത്ത് ഈ വിഹിതവുമായി ബന്ധപ്പെട്ട് ഞങ്ങൾ ശക്തമായി പോരാടുകയും സുപ്രീം കോടതിയെ സമീപിക്കുകയും ചെയ്തു. കൂടാതെ, ഡൽഹിയിലും സംസ്ഥാനത്തും വിവിധ സമരപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു. എന്നാൽ, ആ സമരങ്ങൾക്കൊന്നും അന്നത്തെ പ്രതിപക്ഷം യാതൊരു പിന്തുണയും നൽകിയിരുന്നില്ലെന്ന കാര്യം ഞാൻ ഇവിടെ എടുത്തുപറയുന്നില്ല. അന്ന് അത്തരം പിന്തുണ നൽകാതിരുന്നവരാണ് ധനകാര്യ കമ്മീഷൻ വന്നപ്പോൾ അതിന്റെ മുന്നിൽ കണക്കുകൾ സമർപ്പിച്ചത്. ഞങ്ങൾക്ക് മുമ്പ് ലഭിച്ചിരുന്ന ധനകാര്യ കമ്മീഷൻ വിഹിതം 1.92 ശതമാനമായിരുന്നെങ്കിൽ, ഇപ്പോൾ അത് 2.38 ശതമാനമായി വർധിച്ചിട്ടുണ്ട്. അതായത്, കഴിഞ്ഞ വർഷം ലഭിച്ചതിനെക്കാൾ ഏകദേശം പതിനായിരം കോടി രൂപ ധനകാര്യ കമ്മീഷന്റെ വരുമാനംകൂടി അധികമുണ്ട്. അതിനാൽ ജനങ്ങൾ നേരിടുന്ന ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നിലപാടെടുക്കാനുള്ള സാമ്പത്തിക സ്ഥിതി തൽക്കാലമുണ്ട്. ഇക്കാര്യത്തിൽ തീരുമാനമായിട്ട് പറയാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് സഭയെ തെറ്റിദ്ധരിപ്പിക്കുന്ന കാര്യമാണ്. സ്വാതന്ത്ര്യം ലഭിച്ച സമയത്ത് ഒരു ലിറ്റർ പെട്രോളിന് 25 പൈസ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അന്ന് മുതൽ ഇന്നുവരെ ഇന്ധനവില വർധിച്ചുകൊണ്ടിരിക്കുകയാണ്. 25 പൈസയായിരുന്ന വില ഇപ്പോൾ 113 രൂപയായിരിക്കുമ്പോൾ, അന്ന് മുതൽ ഇന്നുവരെയുള്ള സർക്കാരുകൾക്ക് ഇതിനൊരു തീരുമാനമാകട്ടെ എന്നുപറഞ്ഞ് മാറിനിൽക്കാൻ സാധിക്കുമോ? ഞാൻ ഇവിടെ പറഞ്ഞ ഡിവിസിബിൾ പൂളിന്റെ വരുമാനം മാത്രമല്ല,

ടാക്സിന്റെ/ജി.എസ്.ടി.-യുടെ കാര്യത്തിൽ, കഴിഞ്ഞ മാസവും ഈ മാസവും ഉൾപ്പെടെ കഴിഞ്ഞ കുറച്ച് നാളുകളായി ഇന്ത്യൻ ശരാശരിയെക്കാൾ കേരളത്തിൽ വരുമാനം വർധിക്കുന്നുണ്ട്. വിലവർധന കാരണമുണ്ടാകുന്ന ടാക്സ് കൂടി അതിലുൾപ്പെടും. പ്രതിപക്ഷമെന്ന നിലയിൽ ഭരണപക്ഷത്തെ പ്രതിക്കൂട്ടിലാക്കി, ആദ്യത്തെ നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപത്തിൽതന്നെ കുഴപ്പത്തിലാക്കി പറയുകയല്ല. പക്ഷെ സാധാരണ ഹോട്ടലുകൾ പലതും പ്രവർത്തിക്കുന്നില്ല, സംസ്ഥാനം വിട്ടുപോയ പല തൊഴിലാളികളും തിരിച്ചുവരുന്നില്ല.

<u>മി. സ്പീക്കർ</u>: പത്ത് മിനിറ്റ് ആകുന്നു.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഭക്ഷണം പാചകം ചെയ്യാൻ കഴിയാത്ത സാഹചര്യമാണുള്ളത്. കോട്ടയത്തായാലും ഇവിടെയായാലും ആവശ്യമായ തൊഴിലാളികൾ എത്തിയാൽ മാത്രമെ ജോലി ചെയ്യാൻ കഴിയുകയുള്ളൂ. എന്നാൽ തൊഴിലാളികൾക്ക് തിരിച്ചുവരാൻ കഴിയുന്നില്ല; യാത്രാ സൗകര്യങ്ങളുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകളും നിലനിൽക്കുന്നു. ഇത്തരത്തിൽ പാചകവാതകത്തിന്റെ ലഭ്യതക്കുറവും റോഡ് നിർമ്മാണം ഉൾപ്പെടെ തടസ്സപ്പെടുന്ന പ്രശ്നങ്ങളുമുണ്ട്. അത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതാണ്. അതിനകത്ത് രാഷ്ട്രീയമായി പ്രതിക്കൂട്ടിലാകുന്ന പ്രശ്നമൊന്നുമില്ല. കുറച്ച് കേന്ദ്രത്തിനെതിരെയുള്ള കാര്യങ്ങളും സംസ്ഥാനം ചെയ്യേണ്ട കാര്യങ്ങളും പറയേണ്ടി വരും. അത് ചർച്ചചെയ്യുന്നതാണ് നല്ലതെന്ന അഭിപ്രായത്തിലാണ് ഈയൊരു ഉപക്ഷേപം അവതരിപ്പിച്ചത്. അങ്ങ് ഇക്കാര്യം ചർച്ചചെയ്യുമ്പോൾ നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക്

അദ്ദേഹം മുമ്പ് പറഞ്ഞ കാര്യങ്ങൾ പാലിക്കുന്നയാളാണെന്ന് തെളിയിക്കാൻ സാധിക്കും. അദ്ദേഹം പറഞ്ഞ കാര്യങ്ങളൊക്കെ വാക്കാണ്, വാക്ക് മാത്രമാണെന്ന് വരരുത്. വാക്ക് പാലിക്കാനാണ് പ്രാധാന്യം കൊടുക്കേണ്ടതെന്ന സമീപനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഇതുസംബന്ധിച്ച് ഇതുവരെയുള്ള വിഷയങ്ങളാണ് ഇവിടെ സൂചിപ്പിച്ചത്. ഇതിനകത്ത് മുൻ ധനകാര്യ വകുപ്പുമന്ത്രികൂടിയായ ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. എൻ. ബാലഗോപാൽ ഇവിടെ സൂചിപ്പിച്ചത്, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരുപാട് പ്രാവശ്യം നികുതി വർധനയുണ്ടായപ്പോൾ അതിന്റെ ഒരു ഭാഗം കുറയ്ക്കണം, നികുതി മുഴുവൻ ഒഴിവാക്കണം എന്നല്ല പറഞ്ഞത്, ഒരു ഗവൺമെന്റിനും നികുതി മുഴുവനായി ഒഴിവാക്കാൻ കഴിയില്ല. കൂടിയ നികുതിക്ക് സംസ്ഥാനത്തിന് അധികമായി ലഭിച്ച വരുമാനത്തിലെ ഒരു ഭാഗം, ഈ വില വർധനമൂലം ഏറ്റവുമധികം ദുരിതം അനുഭവിക്കുന്ന ഓട്ടോറിക്ഷ-ടാക്സി ഡ്രൈവർമാർക്ക് ഏതെങ്കിലും കാര്യത്തിൽ ഇളവുവരുത്തുവാൻ കഴിയുമോയെന്ന് ഗവൺമെന്റ് പരിശോധിക്കണം എന്നാണ് പറഞ്ഞത്. അത് നിയമസഭാ രേഖകളിലുണ്ട്. ഞങ്ങൾ ഇത് പറയാൻ കാരണം ഇതിനുമുമ്പ് അധികാരത്തിലിരുന്ന ഉമ്മൻ ചാണ്ടി സർക്കാർ പെട്രോളിന് നാല് തവണയും ഡീസലിന് രണ്ടുതവണയും അധികനികുതി വരുമാനം ഉപേക്ഷിച്ചിട്ടുണ്ട്. ഇതിലൂടെ പെട്രോളിൽനിന്നും 375.75 കോടി രൂപയും ഡീസലിൽനിന്നും 243.42 കോടി രൂപയും 2011

മുതൽ 2016 വരെയുള്ള അന്നത്തെ സർക്കാർ വേണ്ടെന്നുവച്ചു. അതായത് മൊത്തം 619 കോടി രൂപ വേണ്ടെന്നുവച്ചു. ആ പശ്ചാത്തലത്തിലാണ് പിന്നീട് വന്ന ഗവൺമെന്റിന്റെ കാലത്ത് 2016 മുതൽ 2025 ജനുവരി 31-വരെ ഈ ഡീസൽ, പെട്രോൾ വില വർധനയുടെ ഭാഗമായി അതായത്, ഡീസൽ ഇനത്തിൽ 1617 കോടി രൂപയും പെട്രോൾ ഇനത്തിൽ 1466 കോടി രൂപയും ഉൾപ്പെടെ കഴിഞ്ഞ സർക്കാരിന് 3100 കോടി രൂപയുടെ അധിക വരുമാനമുണ്ടായിട്ടുണ്ട്. ഒരു രൂപ കുറച്ചിട്ടില്ല. അധിക നികുതി വരുമാനമുണ്ടായപ്പോൾ അതിൽനിന്നും ഒരു തുക, ചെറിയൊരു പെർസെന്റേജെടുത്ത് ടാക്സി ഡ്രൈവർമാരെയും ഓട്ടോറിക്ഷ ഡ്രൈവർമാരെയും സഹായിക്കണമെന്ന് ഞാൻ പറഞ്ഞു. അന്ന് ധനകാര്യ മന്ത്രിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക്ക് പറഞ്ഞ മറുപടി സഭാരേഖകളിലുണ്ട്. അത്തരം മണ്ടത്തരങ്ങൾ ഞങ്ങൾ കാണിക്കില്ലെന്നാണ് പറഞ്ഞത്. ഇവിടത്തെ റെക്കോർഡിലുണ്ട്, എന്റെ മനസ്സിലുണ്ട്. നികുതി കുറയ്ക്കുന്ന മണ്ടത്തരം ഇടതുസർക്കാർ കാണിക്കില്ല എന്ന് ഇടതുസർക്കാരിന്റെ മുൻ ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ വന്നുസംസാരിച്ചതാണ്. എന്നോട് മണ്ടത്തരം ചെയ്യാനാണോ മുൻ ധനകാര്യ മന്ത്രി എന്നെ ഉപദേശിച്ചത്. അതാണ് എന്റെ ചോദ്യം? നിത്യോപയോഗ സാധനങ്ങളുടെ വില വർധിച്ചിട്ടുണ്ടെന്ന് പറഞ്ഞു. കഴിഞ്ഞ പതിനൊന്ന് മാസത്തിൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ നാണ്യപെരുപ്പമുണ്ടായതും നിത്യോപയോഗ സാധനങ്ങളുടെ വില വർധനയുണ്ടായതുമായ ഒന്നാമത്തെ സംസ്ഥാനം കേരളമാണ്. എന്തുകൊണ്ടാണ്? മാർക്കറ്റിൽ ഇടപെടുന്ന കാര്യത്തിൽ കഴിഞ്ഞ സർക്കാർ

ദയനീയമായി പരാജയപ്പെട്ടു. ഈ പൈസയൊക്കെ എടുത്തുകൊടുക്കാൻ ഇപ്പോൾ പറഞ്ഞല്ലോ? നിങ്ങളുടെ കടം തീർക്കണ്ടേ? 2893 കോടി രൂപ നിങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷന് കൊടുക്കാനുണ്ട്. ഈ നികുതി വേണ്ടെന്ന് വച്ചുകഴിഞ്ഞാൽ വിലക്കയറ്റം നിയന്ത്രിക്കാൻ ഞങ്ങൾ എന്തുചെയ്യും? കേരളത്തിൽ വിലക്കയറ്റം നിയന്ത്രിക്കാൻ മാർക്കറ്റ് ഇന്റർവെൻഷൻ നടത്തേണ്ട ഏജൻസി സിവിൽ സപ്ലൈസ് കോർപ്പറേഷനാണ്. ആ മാർക്കറ്റ് ഇന്റർവെൻഷൻ നടത്തേണ്ട ഏജൻസിക്ക് മൂവായിരത്തോളം കോടിരൂപ കടമായി കൊടുക്കാനുള്ളത് ബാക്കി വച്ചിട്ടാണ് പോയത്. ഇതിൽനിന്നും കിട്ടുന്നത് പത്തോ, അഞ്ഞൂറോ കോടി രൂപയാണ്. അപ്പോൾ ആ പൈസയെടുത്തു കൊടുത്താൽ നിങ്ങൾ വരുത്തിവച്ചിരിക്കുന്ന കടം ആരുകൊടുക്കും. ആ കടം കൊടുത്താൽ മാത്രമേ സിവിൽ സപ്ലൈസ് കോർപ്പറേഷന് മാർക്കറ്റിൽ ഇടപെട്ട് ഇപ്പോഴുണ്ടായിരിക്കുന്ന രൂക്ഷമായ വിലക്കയറ്റം നിയന്ത്രിക്കാൻ സാധിക്കുകയുള്ളൂ. ഈ രൂക്ഷമായ വിലക്കയറ്റം നിയന്ത്രിക്കാൻ മാർക്കറ്റിൽ ഇടപെടണ്ടേ? കേരള ഇക്കോണമിയുടെ മീതെ ഇൻഫ്ലേഷണറി പ്രഷർ വർധിക്കുകയാണ്. ഗൾഫ് യുദ്ധത്തിന്റെ ഭാഗമായി റെമിറ്റൻസ് കുറയുകയാണെന്ന് നിങ്ങൾക്കറിയാം. ഗൾഫിൽ നിന്നുംവരുന്ന റെമിറ്റൻസാണ് നമ്മുടെ ഇക്കോണമിയുടെ ബാക്ക്ബോൺ. ആ റെമിറ്റൻസ് ഒരു ഭാഗത്ത് കുറയുകയാണ്. യുദ്ധത്തിന്റെ പേരുപറഞ്ഞ് കേന്ദ്ര ഗവൺമെന്റ് വലിയ തോതിൽ പാചകവാതകത്തിന്റെയും പെട്രോളിയം ഉൽപന്നങ്ങളുടെയും വില വർധിപ്പിച്ചപ്പോൾ നേരത്തെതന്നെ ഇൻഫ്ലേഷന്റെ കാര്യത്തിൽ ഒന്നാം സ്ഥാനത്തുണ്ടായിരുന്ന കേരളം വീണ്ടും അത് താങ്ങേണ്ട

സ്ഥിതിയാണ്. രൂക്ഷമായ വിലക്കയറ്റത്തിലേക്ക് കേരളം പോകും. എൽ.പി.ജി. സിലണ്ടറിന്റെ ക്ഷാമംകൊണ്ട് മാത്രം 25 ശതമാനം വരെ ഹോട്ടലിലെ ഭക്ഷ്യസാധനങ്ങളുടെ വിലവർധനയുണ്ടായിട്ടുണ്ട്. ആ കാര്യത്തിൽ അതിശക്തമായിട്ടുള്ള ഇടപെടൽ ഗവൺമെന്റ് നടത്തുന്നുണ്ട്. തുടർച്ചയായിട്ടുള്ള ഇടപെടലുകളുണ്ട്. ആയിരക്കണക്കിന് ഇൻസ്പെക്ഷൻസ് നടത്തിയിട്ടുണ്ട്. സിലിണ്ടറുകൾ കരിഞ്ചന്തയിലാണ്. യഥാർഥത്തിലുള്ള സിലണ്ടർ വിതരണം കൃത്യമായി നടന്നാൽ സിലണ്ടർ ക്ഷാമമുണ്ടാകില്ല. അതിൽ ഇറഗുലാരിറ്റീസ് കണ്ടുപിടിച്ചിട്ടുണ്ട്. വാഹനത്തിൽ അനധികൃതമായി കൊണ്ടുപോയ സിലണ്ടറുകൾ പിടിച്ചെടുത്തിട്ടുണ്ട്. കരിഞ്ചന്ത തടയുന്നതിനായുള്ള അതിശക്തമായ നീക്കം ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എല്ലാ തരത്തിലും, ക്രൂഡ് ഓയിലിന്റെയും എൽ.പി.ജി.-യുടെയും വില വർധിച്ചതുമൂലമുണ്ടായ ഭക്ഷ്യസാധനങ്ങളുടെ വില വർധന നിയന്ത്രിക്കുന്നതിനും എൽ.പി.ജി ക്ഷാമമുണ്ടാകാതിരിക്കുന്നതിനും വേണ്ടി ഗവൺമെന്റ് ശക്തമായ നടപടികൾ സ്വീകരിക്കും. പെട്രോൾ, ഡീസൽ വില വർധന ഏറ്റവും കൂടി നിന്ന സമയത്താണ് സോഷ്യൽ സെക്യൂരിറ്റി പെൻഷന്റെ പേരിൽ അങ്ങ് ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഇന്ധന സെസ് രണ്ട് രൂപയാക്കി  വർധിപ്പിച്ചു. അങ്ങ് അന്നത്തെ എന്റെ പ്രസംഗം കൂടി ഒന്ന് ക്വാട്ട് ചെയ്യണം. വില വർധിച്ചുനിൽക്കുന്ന സാഹചര്യത്തിൽ ഈ രണ്ടുരൂപ വർധിപ്പിക്കുന്നത് അപകടമാണെന്ന് അന്ന് ഞാൻ പറഞ്ഞു. കാരണം കേരളം ഒരു കൺസ്യൂമർ സ്റ്റേറ്റാണ്.  ലോങ് ഡിസ്റ്റൻസിൽ ട്രാവൽ

ചെയ്തുവരുന്ന ട്രക്കുകളിലാണ് അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് ഉൽപന്നങ്ങൾ വരുന്നത്. ഡീസലിനാണ് പെട്രോളിനെക്കാൾ കൂടുതൽ കൺസംപ്ഷൻ നടക്കുന്നത്. ഡീസലിന് മാഹിയിലും തമിഴ്നാട് അതിർത്തിയിലും കർണ്ണാടക അതിർത്തിയിലുമൊക്കെ വരുമ്പോൾ വരുമ്പോൾ ഉള്ളതിനേക്കാൾ വലിയ വില വ്യത്യാസം കേരളത്തിലുണ്ടാകുമ്പോൾ ഈ ട്രക്കുകൾ എന്തുചെയ്യും? അവർ ഫുൾ ലോഡ് സംസ്ഥാന അതിർത്തിയിൽ നിന്നും ഫിൽ ചെയ്തിട്ടുവരും. നിങ്ങൾ രണ്ടുരൂപ കൂട്ടിയപ്പോൾ നിങ്ങൾക്ക് ഒരുപാട് നികുതി നഷ്ടമുണ്ടാകുമെന്നും ഡീസലിന്റെ കൺസംപ്ഷൻ കുറയുമെന്നും ഞാനന്ന് പറഞ്ഞു. അന്ന് അങ്ങ് പരിഹസിച്ചുവെന്ന് ഞാൻ പറയില്ല. ഒരു കൺസംപ്ഷനും കുറയാൻ പോകുന്നില്ലെന്ന് അങ്ങ് പറഞ്ഞു. ഞാൻ അത് ഓർത്തുവച്ചിട്ട് ഒരു വർഷം കഴിഞ്ഞപ്പോൾ അങ്ങേയ്ക്ക് ഡീസൽ കൺസംപ്ഷന്റെ കണക്ക് കാണിച്ചുതന്നു. ഒന്നരകോടി ലിറ്ററിന്റെ കൺസെപ്ഷനിൽ കുറവുണ്ടായി. അന്നത്തെ കാലത്ത് സെസ് കൂട്ടാനുള്ള തീരുമാനം തെറ്റായ തീരുമാനമായിരുന്നു. അതുമാത്രമല്ല ഇപ്പോഴും യാതൊരു നികുതിയും നൽകാതെ ഇതര സംസ്ഥാനങ്ങളിൽ നിന്ന് അനധികൃതമായി വൻതോതിൽ ഡീസലും പെട്രോളും കേരളത്തിലേക്ക് കൊണ്ടുവന്ന് വ്യാപകമായി വിറ്റഴിക്കപ്പെടുകയാണ്. അത് തടയാനുള്ള അതിശക്തമായ നടപടികൾ ഈ സർക്കാർ സ്വീകരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അങ്ങയുടെ കാലത്താണ് ഈ അപകടം മുഴുവനുമുണ്ടായത്. അന്നത്തെ സർക്കാർ ശക്തമായ നടപടികൾ സ്വീകരിക്കാത്തതുകൊണ്ടാണ്

ഒന്നരക്കോടി ലിറ്റർ ഡീസലിന്റെ കൺസപ്ഷൻ കുറയുകയും ഈ മേഖലയിൽ വ്യാപകമായി നികുതി നഷ്ടമുണ്ടാവുകയും ചെയ്തത്. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തുണ്ടായ കുറവുകൾ മനസ്സിലാക്കി ആയത് പരിഹരിക്കുന്നതിന് ഈ സർക്കാർ അതിശക്തമായ നടപടികൾ സ്വീകരിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. ഇപ്പോഴത്തെ സ്ഥിതിഗതികൾ വിലയിരുത്തിയശേഷം വില വർധനവ് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയെന്നതുതന്നെയാണ് ഈ സർക്കാരിന്റെ പ്രയോരിറ്റി. നാണ്യപ്പെരുപ്പം കുറച്ച് വില വർധനവ് തടയാനുള്ള നടപടികൾ സ്വീകരിക്കുകയെന്നതിനാണ് സർക്കാർ പ്രഥമ പരിഗണന നൽകുന്നത്. പതിനഞ്ചാമത് ഫിനാൻസ് കമ്മിഷൻ പതിനാറാമത് ഫിനാൻസ് കമ്മിഷനായി മാറിയ കാര്യവും പതിനഞ്ചാം ധനകാര്യ കമ്മിഷൻ കാലയളവിൽ കേന്ദ്ര ഡിവിസിബിൾ പൂളിൽ നിന്നും 1.92 ശതമാനം നികുതി വിഹിതം മാത്രമാണ് സംസ്ഥാനത്തിന് ലഭിച്ചിരുന്നതെന്നും ബഹുമാനപ്പെട്ട അംഗം ഇവിടെ പറയുകയുണ്ടായി. അതിനൊന്നും ഞാൻ ഇപ്പോൾ മറുപടി പറയുന്നില്ല. പൊതുസമൂഹത്തെ വിസ്മയിപ്പിക്കുന്ന വിധത്തിൽ സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെക്കുറിച്ചുള്ള ഒരു ധവളപത്രം വരുന്നുണ്ട്. ഇപ്പോൾ അങ്ങ് പറഞ്ഞതിനുള്ള മറുപടി ആ ധവളപത്രത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അന്ന് കേന്ദ്ര സർക്കാരിൽനിന്ന് എന്ത് കിട്ടിയെന്നും ഇന്ന് എന്ത് കിട്ടുന്നില്ലെന്നുമൊക്കെയുള്ള കാര്യങ്ങൾ ഉൾപ്പെടുത്തി ഒരു വെള്ള പേപ്പറിൽ തയ്യാറാക്കി സഭ മുമ്പാകെ സമർപ്പിക്കുന്നതാണ്. വളരെ സുപ്രധാനമായ രേഖയായതിനാൽ ആ വെള്ള പേപ്പറിലുള്ള കാര്യങ്ങൾ

വെളിപ്പെടുത്താൻ ചില പരിമിതികളുണ്ട്; മാത്രമല്ല, അക്കാര്യങ്ങൾ മുൻകൂട്ടി പറയുന്നത് തികച്ചും അനൗചിത്യവുമാണ്. ആ വൈറ്റ് പേപ്പറിൽ വളരെ കൃത്യമായ ഇതുസംബന്ധിച്ച കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്രത്തിൽ നിന്ന് എന്ത് കിട്ടിയെന്നും പതിനാറാം ധനകാര്യ കമ്മിഷൻ വന്നപ്പോൾ എന്തുകൊണ്ട് കിട്ടുന്നില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തയ്യാറാക്കി വച്ച പ്ലാനിനെക്കുറിച്ചും കേരളത്തിന്റെ സാമ്പത്തിക ആരോഗ്യത്തെക്കുറിച്ചുമുള്ള വളരെ കൃത്യമായ മറുപടിയും ആ പേപ്പറിലുണ്ട്. അതുകൊണ്ട് ഇക്കാര്യം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യവുമില്ലെന്ന് ബഹുമാനപൂർവം അങ്ങയെ അറിയിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്ന് കരുതുന്നതിനാൽ നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് <u>(ശ്രീ. പിണറായി വിജയൻ)</u>: സർ, വളരെ നിർഭാഗ്യകരമായ സമീപനമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്ത് നിന്നുണ്ടായിരിക്കുന്നത്. അദ്ദേഹം പ്രശ്നത്തിന്റെ വിശദാംശങ്ങളിലേക്ക് കടക്കാതെ ഒരു മുഖവുര മാത്രം പറഞ്ഞ് നിർത്തുന്ന സമീപനമാണ് സ്വീകരിച്ചത്. പെട്രോൾ, ഡീസൽ വില വർധനവ് അതീവ ഗുരുതരമായ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നുവെന്നും ഇനിയും ആ പ്രതിസന്ധി

വർധിക്കാനാണ് പോകുന്നതെന്നും അദ്ദേഹം പറഞ്ഞു. അത്രയും ഗുരുതരമായ സാഹചര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശരിയായ രീതിയിൽ സൂചിപ്പിച്ചു. ഇതിനിടയാക്കിയത് പശ്ചിമേഷ്യയിൽ ഉടലെടുത്ത യുദ്ധസാഹചര്യമാണ്. യുദ്ധത്തിനുമുമ്പുള്ള മൂന്നുവർഷം എണ്ണ വില വീപ്പയ്ക്ക് എഴുപത് ഡോളറായിരുന്നു. പക്ഷേ അപ്പോഴും നമ്മുടെ രാജ്യത്ത് എണ്ണ വിലയിൽ ഒരു കുറവുമുണ്ടായില്ല. ആ സമയത്തും വർധനവ് നിലനിൽക്കുകയായിരുന്നു. കാരണം അക്കാലത്ത് എണ്ണ വില നിയന്ത്രിക്കാനുള്ള അധികാരം പൂർണ്ണമായും കേന്ദ്ര സർക്കാരിന്റെ കൈയിലായിരുന്നു. എന്നാൽ ആ അധികാരം എണ്ണ കമ്പനികൾക്ക് നൽകിയത് പഴയ കോൺഗ്രസ് നേതൃത്വത്തിലുള്ള സർക്കാരിന്റെ കാലത്തായിരുന്നു. അന്ന് കോൺഗ്രസ് സർക്കാർ തുടങ്ങി വച്ചത് ബി.ജെ.പി. അതിശക്തമായി തുടരുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. ഇവിടെ ശ്രദ്ധിക്കേണ്ട കാര്യം ഈ കഴിഞ്ഞ ഘട്ടത്തിൽ മാത്രമായി എണ്ണ കമ്പനി രണ്ടുലക്ഷം കോടി രൂപയുടെ ലാഭം കൊയ്തെടുത്തുവെന്നതാണ്. ഇതിൽ ഒരു തരത്തിലുമുള്ള നിയന്ത്രണം കൊണ്ടുവരാൻ കേന്ദ്ര സർക്കാർ സന്നദ്ധമായില്ല. ഇവിടെ നാം ഗൗരവമായി ശ്രദ്ധിക്കേണ്ടൊരു കാര്യം, നിലവിൽ നമ്മുടെ രാജ്യം ഒരു പരമാധികാര രാഷ്ട്രം എന്ന നില കൃത്യമായി പാലിച്ചുപോകുന്നുണ്ട്. അതും നാം ഗൗരവമായി ആലോചിക്കേണ്ട കാര്യമാണ്. വെനിസ്വേലയിൽ നിന്നും റഷ്യയിൽ നിന്നും ഇന്ത്യ എണ്ണ ഇറക്കുമതി ചെയ്തിരുന്നു. എന്തിനാണ് അത് നിർത്തിവച്ചത്? അമേരിക്കൻ പ്രസിഡന്റ് ശ്രീ. ഡോണൾഡ് ട്രംപിന് ഇഷ്ടമില്ലെന്ന് വന്നപ്പോൾ എണ്ണ ഇറക്കുമതി ഇന്ത്യ നിർത്തുകയാണ് ചെയ്തത്.

ഇവിടെ ശ്രദ്ധിക്കേണ്ടൊരു കാര്യം, റഷ്യയിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന എണ്ണക്ക് നാൽപ്പതു ശതമാനം വരെ ഡിസ്കൗണ്ട് അനുവദിച്ചിരുന്നു. അതുപോലും പാടില്ലെന്ന് ശ്രീ. ഡോണൾഡ് ട്രംപ് കല്പിച്ചപ്പോൾ അതിന് കീഴ്‌വഴങ്ങുന്ന നിലയാണ് എൻ.ഡി.എ. സർക്കാർ സ്വീകരിച്ചത്. ഇതിന്റെ ഭാഗമായി രാജ്യത്താകെ വില വർധനവാണുണ്ടായിട്ടുള്ളത്. സ്വാഭാവികമായും രാസവളം മുതൽ കൃഷി, യാത്ര, ചരക്കു ഗതാഗതം അങ്ങനെ എല്ലാ മേഖലകളിലും രൂക്ഷമായ വില വർധനവുണ്ടാവുകയും പണപ്പെരുപ്പം രൂക്ഷമാവുകയും ചെയ്തിരിക്കുന്നു. അതൊക്കെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ അദ്ദേഹത്തിന്റെ വിശദീകരണത്തിൽ സമ്മതിക്കുന്നുണ്ട്. ഇവിടെ ഓർക്കേണ്ട കാര്യം, 2004-ൽ 33.71 രൂപയും 2017-ൽ 72.26 രൂപയുമായിരുന്ന പെട്രോളിന്റെ വില ഇപ്പോൾ 115.49 രൂപയാണ്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന സമീപനത്തെ കുറ്റപ്പെടുത്താനും കേന്ദ്ര സർക്കാരിനെ വിമർശിക്കാനും ഇത്തരത്തിലുള്ള നിലപാടുകൾ സ്വീകരിക്കുന്നതുമൂലം നമുക്കുണ്ടാകുന്ന പ്രയാസങ്ങൾ ശരിയായ രീതിയിൽ ശ്രദ്ധയിൽപ്പെടുത്താനും തയ്യാറാകേണ്ടതല്ലേ? പല സംസ്ഥാനങ്ങളിലും എൽ.പി.ജി.-യുടെ മൊത്തം വിലയിൽ 57 ശതമാനവും നികുതിയിനത്തിലുള്ളതാണ്. ഓയിൽ ഇൻഡസ്ട്രി (ഡെവലപ്മെന്റ്) ആക്റ്റ് പ്രകാരം സെസിലൂടെ കേന്ദ്രത്തിന് പ്രൈസ് സ്റ്റെബിലൈസേഷൻ സ്കീം നടപ്പാക്കാനാകില്ലേ? അതിനും തയ്യാറാകാത്ത സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. കഴിഞ്ഞ ബജറ്റിൽ കേന്ദ്രം ഏർപ്പെടുത്തിയ എക്സൈസ് ഡ്യൂട്ടി വർധന ഒഴിവാക്കണമെന്ന് സംസ്ഥാനത്തിന്

കേന്ദ്രത്തോട് ആവശ്യപ്പെടാമല്ലോ. ഇവിടെ പെട്രോളിന് 30.8 ശതമാനം നികുതിയും ലിറ്ററിന് ഒരു രൂപ നിരക്കിൽ അഡീഷണൽ സെയിൽസ് ടാക്സും ഒരു ശതമാനം സെസും ലിറ്ററിന് രണ്ട് രൂപ നിരക്കിൽ സാമൂഹ്യ സുരക്ഷാ സെസും ഏർപ്പെടുത്തിയിട്ടുണ്ട്. ഡീസലിനാണെങ്കിൽ ഇത് 22.76 ശതമാനം സെസാണ് ചുമത്തിയിരിക്കുന്നത്. ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ ഭാഗത്തുനിന്ന് ഫലപ്രദമായ ഇടപെടൽ ഉണ്ടാകേണ്ടതല്ലേ? കഴിഞ്ഞ രണ്ടാഴ്ച സംഭവിച്ച കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ വ്യക്തമാക്കുകയുണ്ടായി. പെട്രോളിന് 7.35/- രൂപയുടെയും ഡീസലിന് 7.53/- രൂപയുടെയും വർധനയാണ് ജനങ്ങളുടെമേൽ അടിച്ചേല്പിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാർ എണ്ണക്കമ്പനികൾക്ക് കൊള്ളലാഭമുണ്ടാക്കാൻ ഒത്താശ ചെയ്യുകയാണ്. നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുമ്പോൾ വില വർധിപ്പിക്കാതെ തിരഞ്ഞെടുപ്പ് കഴിഞ്ഞ ഉടനെ വലിയ തോതിൽ വില വർധിപ്പിക്കുന്ന നടപടിയാണ് കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. ഇന്ധന വിലവർധനവ് രാജ്യത്താകെ അവശ്യസാധനങ്ങളുടെ രൂക്ഷമായ വിലക്കയറ്റത്തിന് വഴിയൊരുക്കുന്നു. കേന്ദ്രം ഇന്ധന വില കൂട്ടുമ്പോഴെല്ലാം അതിന്റെ പൂർണ്ണ ഉത്തരവാദിത്വം സംസ്ഥാന സർക്കാരിനുമേൽ കെട്ടിവയ്ക്കുന്നതായിരുന്നു ഇപ്പോഴത്തെ മുഖ്യമന്ത്രി പ്രതിപക്ഷനേതാവിന്റെ റോൾ വഹിക്കുന്ന സമയത്ത് സ്വീകരിച്ച സമീപനം. സംസ്ഥാനം നികുതി കുറച്ചാൽ ജനങ്ങൾക്ക് നേരിട്ട് ആശ്വാസം ലഭിക്കുമെന്നുവരെ അന്നദ്ദേഹം പറഞ്ഞിരുന്നു. സാധാരണനിലയിലുള്ള വിലവർധനവല്ല, അതിരൂക്ഷമായ

*02-06-2026*
*Adjournment motion*

പ്രതിസന്ധിയാണുണ്ടായിരിക്കുന്നത് എന്നതാണ് ഇവിടെ ശ്രദ്ധിക്കേണ്ട കാര്യം.

ഇന്ധന പ്രതിസന്ധിമൂലം ഹോട്ടൽ-റെസ്റ്റോറന്റ് വ്യവസായം തകർച്ചയിലേക്ക് പോയിരിക്കുകയാണ്. വ്യാവസായിക സിലിണ്ടറിന്റെ വില കുത്തനെ കൂട്ടിയിരിക്കുന്നു. കേരളത്തിൽ 19 കിലോഗ്രാമിന്റെ വാണിജ്യ സിലിണ്ടറിന്റെ വില 3,140/- രൂപയാണ്. നേരത്തെയിത് 1,615/- രൂപയായിരുന്നു. നമ്മുടെ സംസ്ഥാനത്തുള്ള എഴുപതിനായിരത്തോളം ഇന്ന് ഹോട്ടലുകൾ വലിയ പ്രതിസന്ധിയിലാണ്. പകുതിയോളം ഹോട്ടലുകൾ അടച്ചുപൂട്ടാൻ നിർബന്ധിതമായിരിക്കുകയാണ്. ബാക്കിയുള്ളവ മെനു പരിഷ്കരിച്ച് താൽക്കാലികമായി പ്രവർത്തിച്ചുവരികയാണ്. ഹോട്ടലുകളിൽ ജോലി ചെയ്യുന്ന ലക്ഷക്കണക്കിന് തൊഴിലാളികൾ ദുരിതത്തിലായിരിക്കുകയാണ്. ഹോട്ടലുകളുടെയും റെസ്റ്റോറന്റുകളുടെയും മാത്രമല്ല, ബേക്കറികളുടെയും തട്ടുകടകളുടെയും കാറ്ററിങ് സ്ഥാപനങ്ങളുടെയുമെല്ലാം ഇന്ധനച്ചെലവ് വല്ലാതെ ഉയരുകയാണ്. ഇത് ഹോട്ടൽ ഭക്ഷണത്തിന്റെ വില വർധിക്കാനിടയാക്കും. ഇതും നാട്ടിലെ സാധാരണക്കാരെ വലിയ തോതിൽ പ്രതികൂലമായി ബാധിക്കുന്ന വിഷയമാണ്.

ഇതിന്റെ ഭാഗമായിത്തന്നെ, സ്വകാര്യ ഓർഡിനറി ബസുകളും കെ.എസ്.ആർ.ടി.സി.-യുമെല്ലാം വലിയ പ്രതിസന്ധിയിലേയ്ക്ക് നീങ്ങുകയാണ്. പ്രതിദിനം 400-450 കിലോ ലിറ്റർ ഡീസൽ ഉപയോഗിക്കുന്ന കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക ഭദ്രതയെ ഈ

വില വർധനവ് തകിടം മറിക്കാൻ പോകുകയാണ്. അന്തർസംസ്ഥാന ബസ് സർവീസുകൾ ജൂൺ 1 മുതൽ ടിക്കറ്റ് നിരക്കിൽ കുറഞ്ഞത് നൂറ് രൂപയെങ്കിലും വർധിപ്പിക്കുമെന്ന് കേൾക്കുന്നു. ഇതിനുപുറമെ, പ്രതിദിനം 70-110 ലിറ്റർ ഡീസൽ ഉപയോഗിക്കുന്ന സാധാരണ സ്വകാര്യ സ്റ്റേജ് കാരിയറുകളും ഇപ്പോൾ നിരക്ക് വർധിപ്പിക്കണമെന്ന ആവശ്യമുയർത്തിയിട്ടുണ്ട്. ഇന്ധന വില മാത്രമല്ല, ഓയിൽ, ടയർ തുടങ്ങിയവയുടെയെല്ലാം വില വിപണിയിൽ ഇരട്ടിയായി വർധിച്ചിരിക്കുന്നു. ഗ്രീസിന് മാത്രം കിലോഗ്രാമിന് അറുപത് രൂപയോളം കൂടിയിരിക്കുകയാണ്. ഓട്ടോ, ടാക്സി മേഖലയും കടുത്ത പ്രതിസന്ധിയിലായിരിക്കുകയാണ്. ഈ ഭാരമെല്ലാം സാധാരണക്കാരുടെ തലയിലാണ് വന്നുവീഴാൻ പോകുന്നത്.

2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ പെട്രോൾ, ഡീസൽ നികുതി നിരക്ക് കൂട്ടിയിരുന്നില്ലെന്ന കാര്യം ഓർക്കണം. 2018-ൽ എൽ.ഡി.എഫ്. സർക്കാർ പെട്രോളിന്റെയും ഡീസലിന്റെയും നികുതി കുറയ്ക്കാൻ തയ്യാറായി. അതിന്റെ ഭാഗമായി 509 കോടി രൂപയുടെ നികുതിയിളവ് അന്ന് ജനങ്ങൾക്ക് ഒറ്റയടിക്ക് നൽകുകയും ചെയ്തു. ഇപ്പോൾ നേരത്തെ പറഞ്ഞ അതേ വാചകത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉറച്ചുനിൽക്കുന്നുണ്ടോയെന്നാണ് സംസ്ഥാനത്തോട് പറയേണ്ടത്. അദ്ദേഹം പ്രതിപക്ഷ നേതാവായിരുന്നപ്പോൾ പറഞ്ഞ കാര്യങ്ങൾ പാലിക്കാൻ ഇപ്പോൾ തയ്യാറാണോ എന്നതാണ് പ്രധാന വിഷയം. യഥാർഥത്തിൽ അതിനാണ് അദ്ദേഹം വിശദീകരണം നൽകേണ്ടിയിരുന്നത്. ധവളപത്രം പുറപ്പെടുവിക്കുമെന്ന് പറയുകയുണ്ടായി. അതേക്കുറിച്ച് പറയാനുള്ളതെല്ലാം

ആ ഘട്ടത്തിൽ ഞങ്ങൾ പറഞ്ഞോളാം. ധവളപത്രമെന്ന ഉമ്മാക്കി കാണിച്ച് ഞങ്ങളുടെ വായടപ്പിക്കാൻ ശ്രമിക്കരുതെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്. പ്രസ്തുത വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകാത്ത ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. പിണറായി വിജയനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. രാജൻ: സർ, സഭയിൽ ഉന്നയിക്കപ്പെട്ട പ്രശ്നം വളരെ ഗുരുതരമാണെന്ന് മാത്രമല്ല, ഒരുപക്ഷെ കേരളത്തിന്റെ സമീപ ഭൂതകാല ചരിത്രത്തിൽ കണ്ടിട്ടില്ലാത്ത വിധത്തിലുള്ള സ്തംഭനാവസ്ഥ കേരളം അഭിസംബോധന ചെയ്യുകയാണ്. പാചകവാതത്തിനും പെട്രോളിനും ഡീസലിനുമെല്ലാം വില വർധിപ്പിക്കുന്ന നടപടിയാണുണ്ടാകുന്നത്. ക്രൂഡ് ഓയിൽ ബാരലിന് വില കൂടുമ്പോൾ അതിനനുസരിച്ച് ഇന്ധന വില വർധിപ്പിക്കുകയും ക്രൂഡ് ഓയിൽ ബാരലിന് വില കുറയുമ്പോൾ അതിനനുസരിച്ച് വില കുറയ്ക്കാൻ തയ്യാറാകാതിരിക്കുകയും ചെയ്യുന്ന സമീപനമാണ് അക്ഷരാർഥത്തിൽ ഇവിടത്തെ പ്രശ്നം. കേരളം ഇതുവരെ കണ്ടിട്ടില്ലാത്ത രീതിയിലുള്ള സ്തംഭനാവസ്ഥയിലൂടെയാണ് നാം ഇന്ന് കടന്നുപോകുന്നത്. പെട്രോൾ, ഡീസൽ വില കൂടിയത് മാത്രമല്ല, നേരത്തെ പറഞ്ഞതുപോലെ, ജനുവരി മാസത്തിൽ 1691/- രൂപയായിരുന്ന വാണിജ്യ ഗ്യാസിന് തിരുവനന്തപുരത്ത് 3152/- രൂപവരെ വില വർധിപ്പിച്ചതടക്കം

ഗ്യാസ് രംഗത്തുണ്ടായ സ്തംഭനാവസ്ഥയും വിലവർധനവും നാം കാണേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ടതല്ലെങ്കിലും, ടാർ വില വൻതോതിൽ വർധിച്ചതിനാലാണ് അങ്ങയുടെ ഉൾപ്പെടെ മണ്ഡലങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന റോഡ് നിർമ്മാണ പ്രവൃത്തികളിൽ കാലവർഷത്തിന്റെ തുടക്കത്തിൽ വലിയ സ്തംഭനാവസ്ഥ നേരിട്ടതും നാട്ടിൽപ്പോയ അതിഥിത്തൊഴിലാളികൾ തിരികെ വരാത്തതും. എല്ലാ ഉല്പന്നങ്ങൾക്കും വില കൂടുന്നുവെന്ന് മാത്രമല്ല, ഹോട്ടലുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ തുറക്കാൻ കഴിയാത്ത അന്തരീക്ഷത്തിലേക്കാണ് കേരളം നീങ്ങുന്നത്. ഈ ഘട്ടത്തിൽ സർക്കാർ അടിയന്തരമായ ഇടപെടൽ നടത്തണമെന്നാണ് ഈ ഉപക്ഷേപത്തിലൂടെ പ്രതിപക്ഷം ശ്രദ്ധയിൽപ്പെടുത്താൻ ഉദ്ദേശിച്ചത്. അന്താരാഷ്ട്ര വിപണിയിലെ ക്രൂഡ് ഓയിലിന്റെ പ്രതിസന്ധി കൈകാര്യം ചെയ്യാൻ കേന്ദ്ര നികുതിയും എക്സൈസ് ഡ്യൂട്ടിയും കുറയ്ക്കണമെന്ന് അതിശക്തമായി കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടണം. എങ്ങനെയാണ് ഇത്തരത്തിലൊരു പ്രതിസന്ധി വന്നതെന്ന് ഈ സമയത്ത് പറയാൻ കഴിയില്ല. പക്ഷെ പെട്രോളിയം ഉല്പന്നങ്ങളുടെ വില വർധിപ്പിക്കാനുള്ള അധികാരം പെട്രോളിയം കമ്പനികളെ ചുമതലപ്പെടുത്തി എന്നുമുതൽ കേന്ദ്ര ഗവൺമെന്റ് പ്രസ്തുത അധികാരത്തിൽനിന്ന് പിന്മാറിയോ അന്നുമുതൽ ഈ ദുരന്താവസ്ഥ ഇന്ത്യയാകെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ആ പ്രശ്നത്തിൽ കേന്ദ്ര ഗവൺമെന്റിനോട് ഉചിതമായ നടപടി ആവശ്യപ്പെടുന്നതോടൊപ്പം കേരളം ഇക്കാര്യത്തിൽ ഏറ്റവും ശ്രദ്ധേയവും മാന്യവുമായിട്ടുള്ള നടപടിയിലേക്ക്

കടക്കാൻ തയ്യാറാവുകയും വേണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ, വില വർധനവ് അതിന്റെ പ്രത്യേകമായ ഒരു ഘട്ടത്തിലെത്തിച്ചേർന്നശേഷം കുറയ്ക്കാമെന്ന് കരുതുന്നതിൽ യാതൊരു അർഥവുമില്ല. എല്ലാ ദിവസവും ഇന്ധന വില വർധിച്ചുകൊണ്ടിരിക്കുകയാണ്. വില വർധിക്കുമ്പോൾ കേരളത്തിന് ലഭ്യമാകുന്ന അധിക വരുമാനം കുറയ്ക്കുക മാത്രമല്ല, ഇപ്പോഴത്തെ വിലക്കയറ്റവും ഭക്ഷ്യ വിതരണ രംഗത്തെ പ്രതിസന്ധിയും മറികടക്കാൻ സബ്സിഡികൾ ഉൾപ്പെടെയുള്ള മറ്റ് മാർഗങ്ങൾ അവലംബിച്ചും എങ്ങനെ ഈ പ്രതിസന്ധിയെ മറികടക്കാൻ കഴിയുമെന്ന കാര്യം രാഷ്ട്രീയത്തിനതീതമായി ഉത്തരവാദിത്വപ്പെട്ട ഈ സഭ ചർച്ച ചെയ്യുന്നതിനുവേണ്ടിയാണ് സഭാനടപടികൾ നിർത്തിവച്ച് ഒരു ചർച്ചയ്ക്ക് തയ്യാറാകണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടത്. കേരളത്തിൽ അധികാരമേറ്റ പുതിയ ഗവൺമെന്റിന്റെ തോളിൽ എന്തെങ്കിലും ഭാരം കെട്ടിവച്ച് പോകാൻ വന്നവരല്ലല്ലോ ഞങ്ങൾ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സിവിൽ സപ്ലൈസ് വകുപ്പിൽ ഞങ്ങൾ 3000 കോടി രൂപ കൊടുക്കണ്ടേ എന്നുപറഞ്ഞല്ലോ. ഇത് ഇക്കഴിഞ്ഞ പത്ത് വർഷക്കാലംകൊണ്ടുണ്ടാക്കിയ കടമല്ല. 2016-ൽ ഞങ്ങൾ സിവിൽ സപ്ലൈസ് വകുപ്പിൽ 500 കോടി രൂപയുടെ കടം അതിനുമുമ്പത്തെ യു.ഡി.എഫ്. ഗവൺമെന്റിൽനിന്നും നിന്നും തോളത്ത് ഏറ്റുവാങ്ങിയതാണ്. പത്ത് വർഷക്കാലം ഈ കേരളത്തിൽ എട്ട് വർഷം തുടർച്ചയായി പതിനാല് ഇനങ്ങൾക്ക് വില കൂട്ടാതെ കൊണ്ടുപോയതടക്കം മാർക്കറ്റ് ഇന്റർവെൻഷനിൽ 1400 കോടി രൂപയുടെ കുടിശ്ശിക മാത്രമേയുള്ളൂ. ബാക്കി 1600 കോടി രൂപയും നെല്ല്

സംഭരണത്തിന്റെ ഇനത്തിൽ കേന്ദ്ര ഗവൺമെന്റ് തരാനുള്ള കാശ് കൂടിയല്ലേ. അത് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ സന്ദർശിച്ച ഘട്ടത്തിൽ കേരളത്തിനുവേണ്ടി കേരളത്തിന്റെ മുഖ്യമന്ത്രി ആവശ്യപ്പെട്ടല്ലോ.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ... (മൈക്ക് ഓഫ്) ....

ശ്രീ. കെ. രാജൻ: സർ, ഞാൻ വഴങ്ങുന്നില്ല, ഇത് വാക്കൗട്ട് പ്രസംഗമാണ്. അതുകൊണ്ട് തെറ്റായ വിധത്തിലുള്ള ഈ പ്രചരണത്തിലൂടെ തോളത്ത് വച്ച കണക്ക് പറഞ്ഞ് ഒഴിയുന്നതിനുപകരം ഈ പ്രതിസന്ധിയിൽ മലയാളിയെ എങ്ങനെ രക്ഷിക്കണമെന്നാണ് ചിന്തിക്കേണ്ടത്. ഞങ്ങൾ ഒരു മണ്ടത്തരവും ഈ ഗവൺമെന്റിനെയും ബഹു. മുഖ്യമന്ത്രിയെയും ഉപദേശിക്കുന്നില്ല. അങ്ങനെ ഞങ്ങൾ എന്തെങ്കിലും മണ്ടത്തരം ഉപദേശിച്ചാൽ കേൾക്കുന്നൊരു ഗവൺമെന്റാണിതെന്ന് കരുതുന്നുമില്ല. പുതുയുഗത്തിലേക്ക് കടക്കുന്ന കേരളത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അന്ന് ഇതേ സീറ്റിലിരുന്ന് നടത്തിയ വാഗ്ദാനങ്ങൾ നടപ്പാക്കാൻ തയ്യാറുണ്ടോ എന്നറിയാൻ സ്വാഭാവികമായും കേരളത്തിന്റെ പ്രതിപക്ഷത്തിന് മാത്രമല്ല, മൂന്നേ മുക്കാൽ കോടി വരുന്ന മൂക്ക് താഴോട്ടുനീണ്ട മലയാളിക്ക് അവസരവും അവകാശവുമുണ്ട് എന്നതാണ് പ്രശ്നം. അതുകൊണ്ട് ഇത് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഗുരുതരമായൊരു പ്രശ്നമായിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ അഞ്ച് വർഷക്കാലത്തിനിടയിൽ ഇത്തരത്തിലുള്ള പതിനെട്ട് ഉപക്ഷേപങ്ങൾ

നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്ത പാരമ്പര്യമുള്ള സഭയാണിത്. വളരെ വിശദമായിത്തന്നെ ഞങ്ങൾ അക്കാര്യങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്.

മി. സ്പീക്കർ: അങ്ങ് ദയവായി പ്രസംഗം ലിമിറ്റ് ചെയ്യൂ.

ശ്രീ. കെ. രാജൻ: സർ, കേരളത്തെ ബാധിക്കുന്ന ഗുരുതരമായ ഒരു പ്രശ്നത്തിൽ, കേരളമാകെ അനുഭവിക്കുന്ന ഒരു പ്രതിസന്ധിയെ മറികടക്കാൻ എക്സൈസ് ഡ്യൂട്ടിയും അധിക നികുതിയും ഒഴിവാക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുകയും സംസ്ഥാന സർക്കാരിന് എന്ത് നടപടി സ്വീകരിക്കാൻ സാധിക്കുമോയെന്ന് പരിശോധിച്ച് ഈ പ്രശ്നം പരിഹരിക്കുകയും സബ്സിഡികൾ ഉൾപ്പെടെ നൽകിക്കൊണ്ട് കേരളത്തിന്റെ സാമൂഹ്യജീവിതത്തെ ഗുരുതരമായി ബാധിക്കാൻപോകുന്ന ഈ ദുരന്തത്തിൽനിന്ന് രക്ഷിക്കുകയും ചെയ്യണമെന്ന ആവശ്യം ചർച്ച ചെയ്യാൻ തയ്യാറാകാത്ത ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. രാജനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. ബി. ബി. ഗോപകുമാർ: സർ, കേന്ദ്ര ഗവൺമെന്റിനെക്കുറിച്ച്......

മി. സ്പീക്കർ: ശ്രീ. ബി. ബി. ഗോപകുമാർ, ചെയറിന് ഒരു കാര്യം പറയാനുണ്ട്. സഭാനടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസിൽ ബി.ജെ.പി. അംഗങ്ങൾ ഒപ്പിട്ടിട്ടില്ല. പക്ഷെ അങ്ങേയ്ക്ക് പറയാനുള്ള കാര്യങ്ങൾ വളരെ ചുരുക്കി പറഞ്ഞ് അവസാനിപ്പിക്കാവുന്നതാണ്.

ശ്രീ. ബി. ബി. ഗോപകുമാർ: സർ, ചില നിലപാടുകൾ പറയാനുള്ള അവസരം അങ്ങ് തന്നിട്ടുണ്ട്. ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള രണ്ട് ഗവൺമെന്റിന്റെയും കാലഘട്ടങ്ങളിൽ നൽകിയ കേന്ദ്ര വിഹിതത്തിന്റെ കണക്കനുസരിച്ചുള്ള എല്ലാ കാര്യങ്ങളും ഇവിടെ പറഞ്ഞിട്ടുണ്ട്. അക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് യാതൊരു വിവേചനവും കാണിക്കുന്നില്ലെന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും പ്രതിപക്ഷനേതാവിന്റെയും വാക്കുകളിൽനിന്ന് വ്യക്തമാണ്. മറ്റൊന്ന്, ബഹുമാന്യനായ പ്രതിപക്ഷനേതാവ് സൂചിപ്പിച്ചത്...

മി. സ്പീക്കർ: ശ്രീ. ബി. ബി. ഗോപകുമാർ, ചെയർ ഒരു നിമിഷത്തേയ്ക്ക് interfere ചെയ്യട്ടെ. ഇവിടെ നടക്കുന്ന വാക്കൗട്ട് പ്രസംഗത്തിൽ പങ്കെടുക്കാൻ സാധിക്കുന്നത് ഉപക്ഷേപത്തിനുള്ള നോട്ടീസിൽ ഒപ്പിട്ട അംഗങ്ങൾക്കാണ്. നോട്ടീസിൽ ഒപ്പിട്ട ശ്രീ. പി. കെ. പ്രവീൺ തൊട്ടപ്പുറത്ത് സംസാരിക്കാൻ തയ്യാറായിരിക്കുകയാണ്. അങ്ങേയ്ക്ക് പറയാനുള്ള കാര്യങ്ങൾ വളരെ ചുരുക്കി പറയുന്നതിന് സാവകാശം തരാം. അങ്ങ് പ്രസംഗം തുടങ്ങിയതിനാൽ വളരെ വേഗത്തിൽ അവസാനിപ്പിക്കുകയാണെങ്കിൽ വാക്കൗട്ട് പ്രസംഗത്തിലേക്ക് ശ്രീ. പി. കെ. പ്രവീണിനെ വിളിക്കാവുന്നതാണ്. ....(ബഹളം).... അദ്ദേഹം പ്രസംഗം തുടങ്ങിപ്പോയതുകൊണ്ടാണ് തുടരാൻ അനുവദിക്കുന്നത്. അദ്ദേഹം പുതിയ അംഗമാണ്, ഇതൊക്കെ പരിചയപ്പെട്ടുവരുന്നതേയുള്ളൂ. അദ്ദേഹം തുടങ്ങിയ ഒരു പ്രസംഗം ചെയർ ഇടയ്ക്കുവച്ച് നിർത്തി എന്നൊരു ആക്ഷേപം വരാതിരിക്കാൻ വേണ്ടി അതൊരു exceptional case ആയിട്ട് ശ്രീ. ബി. ബി. ഗോപകുമാറിന് സംസാരിച്ച് അവസാനിപ്പിക്കാവുന്നതാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, ഇതൊരു precedent ആയി മാറരുത്.

മി. സ്പീക്കർ: ഇതൊരു precedent ആകാതിരിക്കാൻവേണ്ടിയാണ് ഇങ്ങനെയൊരു വിശദീകരണം നൽകിയത്. അദ്ദേഹം പുതിയൊരംഗമാണെന്ന് മാത്രമല്ല, അദ്ദേഹം പ്രസംഗം ആരംഭിക്കുകയും ചെയ്തു. അല്ലായിരുന്നെങ്കിൽ maiden speech എന്ന നിലയിൽ അദ്ദേഹത്തിന് ഒരു പ്രിവിലേജും ഉണ്ടായിരുന്നു. അതിനാൽ ശ്രീ. ബി. ബി. ഗോപകുമാർ, അങ്ങ് തുടങ്ങിയ പ്രസംഗം എത്രയുംവേഗം അവസാനിപ്പിച്ച് വാക്കൗട്ട് പ്രസംഗം തുടരാൻ അനുവദിക്കണം.

ശ്രീ. ബി. ബി. ഗോപകുമാർ: സർ, കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന് കൊടുത്തുവരുന്ന നികുതി വർധനയെ സംബന്ധിച്ച് ബഹുമാന്യനായ മുൻ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചിരുന്നു. ഒരു സംസ്ഥാനത്തിന് അർഹതപ്പെട്ട എല്ലാ കാര്യങ്ങളും കേന്ദ്ര ഗവൺമെന്റ് കൃത്യമായി കൊടുക്കുന്നുണ്ട്. ടാറിന്റെ വില വർധിച്ചതിനാൽ അദ്ദേഹത്തിന്റെ മണ്ഡലത്തിലടക്കമുള്ള പൊതുമരാമത്ത് പ്രവൃത്തി നടക്കുന്നില്ലെന്ന് പറഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ടാറിന്റെ വിലവർധന സംബന്ധിച്ച് എന്റെ നിയമസഭാ മണ്ഡലത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ യോഗം വിളിച്ചുചേർത്തപ്പോൾ അവർ പറഞ്ഞത് ടാറിന്റെ വില അന്യായമായി വർധിച്ചിട്ടുണ്ട്, അതിൽ മാറ്റം വരുത്താതെ ടാറിങ് പണി നടക്കില്ലെന്നാണ്. അമേരിക്കൻ പ്രസിഡന്റിനെ കണ്ടാൽ പേടിക്കുന്നതാണ് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെന്ന് ബഹുമാന്യനായ

പ്രതിപക്ഷനേതാവ് ഇവിടെ പറഞ്ഞു. ഇ.ഡി.യെ കണ്ടാൽ പേടിക്കുന്ന പ്രതിപക്ഷനേതാവല്ല, ട്രംപിന്റെ മുന്നിലല്ല ഏത് ലോകരാഷ്ട്രത്തലവന്റെ മുന്നിലും ഭാരതത്തിന്റെ നിലപാട് പറയാൻ കരുത്തുള്ള ഒരു പ്രധാനമന്ത്രിയാണ് ഭാരതത്തിനുള്ളത്. രണ്ട് ഗവൺമെന്റും തുടർച്ചയായി ഭരിച്ച ഈ സംസ്ഥാനത്തെ ....(ബഹളം)....

മി. സ്പീക്കർ: അംഗങ്ങൾ ദയവായി സഹകരിക്കണം. അദ്ദേഹത്തിന്റെ maiden speech അല്ലേ, സാവകാശം കാണിക്കണം. അദ്ദേഹം അവസാനിപ്പിക്കുകയാണ്. ശ്രീ. ബി. ബി. ഗോപകുമാർ, അങ്ങ് വേഗം അവസാനിപ്പിക്കണം.

ശ്രീ. ബി. ബി. ഗോപകുമാർ: സർ, ഈ സംസ്ഥാനം രൂപീകൃതമായ കാലഘട്ടം മുതൽ ഈ രണ്ട് മുന്നണികളുമാണ് ഇവിടെ ഭരിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെയുണ്ടായ എല്ലാ സാമ്പത്തിക പ്രതിസന്ധിയുടെയും ഉത്തരവാദിത്വം ഈ രണ്ട് മുന്നണികൾക്കുമാണ്. ഈ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി ....(ബഹളം)....

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സഭവിട്ട് പുറത്തുപോയ പ്രതിപക്ഷനേതാവ് ശ്രീ. പിണറായി വിജയനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും ശ്രീ. കെ. രാജനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും തിരികെയെത്തി.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്മേലുള്ള ചർച്ചയിൽ അങ്ങേയ്ക്കും അങ്ങയുടെ പാർട്ടിക്കും പറയാനുള്ള കാര്യങ്ങൾ വിശദമായി പറയാൻ സാധിക്കും.

അതുകൊണ്ട് ഇത്തവണ അങ്ങ് resume ചെയ്ത് വാക്കൗട്ട് പ്രസംഗം നടത്താൻ അനുവദിക്കണം. ....(ബഹളം).... ശ്രീ. പി. കെ. പ്രവീൺ, അങ്ങ് സംസാരിക്കൂ. ....(ബഹളം).... അങ്ങേയ്ക്ക് മൈക്ക് അനുവദിച്ചിട്ടുണ്ട്, സംസാരിക്കാവുന്നതാണ്. വാക്കൗട്ട് പ്രസംഗം ഉണ്ടെങ്കിൽ അങ്ങ് സംസാരിക്കൂ. ഇല്ലെങ്കിൽ അങ്ങേയ്ക്ക് വാക്കൗട്ട് പ്രസംഗം ഇല്ല എന്നുള്ള ധാരണയിൽ മുന്നോട്ടുനീങ്ങേണ്ടിവരും. ഒരു കാര്യം ഞാൻ പറയാം, ഒരു ലിമിറ്റിൽനിന്നും ചെയർ ചെറുതായി വ്യതിചലിച്ചു, അത് ചെയറിന് അറിയാം. അതിന് കാരണം ഒരു പുതിയ മെമ്പറായതുകൊണ്ടാണ്. അദ്ദേഹം ഈ കാര്യങ്ങളൊക്കെ പഠിച്ചുവരുന്നതല്ലേയുള്ളൂ. അദ്ദേഹം പ്രസംഗിക്കാൻ ആരംഭിച്ചതുകൊണ്ടാണ് ചെറിയൊരു സാവകാശം കൊടുത്തതാണ്. ഞാനത് ആദ്യമേ പറഞ്ഞു. ശ്രീ. പി. കെ. പ്രവീണിന് വാക്കൗട്ട് പ്രസംഗം ഉണ്ടെങ്കിൽ നടത്താവുന്നതാണ്.

<u>ശ്രീ. പി. കെ. പ്രവീൺ</u>: സർ, ....

പ്രതിപക്ഷനേതാവ് (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ബഹുമാനപ്പെട്ട സ്പീക്കറുടെ ഉദാരമനസ്കതയാണ് ഇവിടെ പ്രകടമായത് എന്നാണ് തോന്നുന്നത്. പക്ഷെ സഭയുടെ ദീർഘമായ പ്രവർത്തനപാരമ്പര്യവും ചട്ടങ്ങളുമെല്ലാം അങ്ങേയ്ക്ക് നല്ലതുപോലെ അറിയാവുന്നതാണല്ലോ, അതിൽനിന്നുള്ള വ്യതിയാനമായിപ്പോയി ഇത്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, ഉദാരമനസ്കത വേണ്ടേ; നമ്മൾ ഇപ്പോഴേ ശത്രുപക്ഷത്തേയ്ക്ക് പോകേണ്ട ആവശ്യമുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, വാക്കൗട്ട് പ്രസംഗത്തിനുശേഷം ബഹുമാനപ്പെട്ട അംഗത്തിന് സമയം കൊടുക്കണമെങ്കിൽ അങ്ങയുടെ discretionary power അനുസരിച്ച് ചെയ്യാമായിരുന്നു. എന്നാൽ അതല്ല അങ്ങ് ചെയ്തത്. ചട്ടങ്ങളുടെ ലംഘനം വരുത്തിക്കൊണ്ട് പുതിയ അംഗത്തിന് അനുമതി കൊടുക്കുകയാണ് ചെയ്തത്. അതാണ് ശ്രദ്ധിക്കേണ്ട കാര്യം. ഇതൊരു precedent ആകാൻ പാടില്ല.

<u>മി. സ്പീക്കർ</u>: ഇതൊരു precedent ആകില്ലെന്ന് ഞാൻ തന്നെ പറയുകയാണ്. ശ്രീ. ബി. ബി. ഗോപകുമാർ ഒരു maiden speech നടത്താൻ അർഹതയുള്ള ആളാണ്. അദ്ദേഹം സഭയിൽ ആദ്യമായി വരുന്നയാളാണ്. അപ്പോൾ അദ്ദേഹം ഒരു പ്രസംഗം തുടങ്ങിയപ്പോൾ ഞാൻ തന്നെ അത് തടസ്സപ്പെടുത്തുന്നത് ശരിയല്ലെന്നതുകൊണ്ടും എന്റെ പാരമ്പര്യം അത് അനുവദിക്കുന്നില്ലെന്നതുകൊണ്ടുമാണ് അങ്ങനെ ചെയ്തത്. അതാണ് പ്രധാനപ്പെട്ട പ്രശ്നം. അതിവിടെ പറഞ്ഞ് അവസാനിപ്പിച്ചു; പ്രശ്നം ഇവിടെ തീർന്നു. ശ്രീ. പി. കെ. പ്രവീണിനെ വാക്കൗട്ട് പ്രസംഗത്തിനായി വിളിക്കുകയാണ്. അങ്ങ് കഴിയുന്നത്ര ലിമിറ്റ് ചെയ്ത് സംസാരിച്ചാൽ ഉപകാരമായിരിക്കും.

<u>ശ്രീ. പി. കെ. പ്രവീൺ</u>: സർ, പുതിയൊരു അംഗം എന്ന നിലയിൽ അങ്ങയുടെ ഉദാരമനസ്കത ഞങ്ങളോടും ഉണ്ടാകണമെന്ന് അഭ്യർഥിക്കുകയാണ്. തുടർച്ചയായുണ്ടാകുന്ന ഇന്ധനവില വർധനവ് നമ്മുടെ നാടിന്റെ സമസ്ത മേഖലകളെയും സാരമായി ബാധിക്കുകയാണ്. അന്താരാഷ്ട്ര വിപണിയിലുണ്ടായ ഇന്ധനവിലവർധന കൂടുന്നുവെന്ന

അത്ഭുതപ്രതിഭാസത്തിനുകൂടിയാണ് നാം സാക്ഷിയാകുന്നത്. നേരത്തെ ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മറ്റും സൂചിപ്പിച്ചതുപോലെ കാർഷിക, വ്യാവസായിക, ഗതാഗത മേഖലകൾ തുടങ്ങി എല്ലാ മേഖലകളും സ്തംഭിച്ച അവസ്ഥയിലാണ്. എന്തിനേറെ പറയുന്നു, വിദ്യാലയങ്ങൾ തുറന്നപ്പോൾ വിദ്യാർഥികൾക്കുവേണ്ട അവശ്യ സാധനങ്ങൾപോലും വാങ്ങാൻ വമ്പിച്ച വിലയാണ് കൊടുക്കേണ്ടിവന്നത്. ഇതിന് കാരണം ഇന്ധനവിലവർധനയിലുണ്ടായ മാറ്റങ്ങളാണ്. അത് പിടിച്ചുനിർത്താൻ ഈ സർക്കാരിന് എന്ത് സാധിക്കുമെന്നാണ് ചോദിച്ചത്. എന്നാൽ അപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 'ഞങ്ങൾ പഠിക്കുകയാണ്, കുറച്ചുദിവസം കൂടി ക്ഷമിക്കൂ' എന്നാണ് പറഞ്ഞത്. പക്ഷെ ഇനി പഠിക്കാൻ ഒന്നുമില്ല. കാരണം ഇനി പുതിയൊരു തിരഞ്ഞെടുപ്പ് ഈ രാജ്യത്ത് പ്രഖ്യാപിക്കാനില്ല. തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുമ്പോൾ മാത്രമാണ് ഇന്ധനവിലയിൽ എന്തെങ്കിലുമൊരു ഇളവ് കേന്ദ്രം പ്രഖ്യാപിക്കുന്നത്. അതുവരെ കാത്തുനിന്നാൽ ഈ സംസ്ഥാനത്തെ സാധാരണ ജനങ്ങളുടെ ജീവിതം ദുരിതപൂർണ്ണമാകും. അതിനൊരു നടപടി എടുക്കണമെന്ന് മാത്രമാണ് ആവശ്യപ്പെട്ടത്. അതുകൂടാതെ പണ്ടൊരു കാലഘട്ടമുണ്ടായിരുന്നു, ചേരിചേരാ നയത്തിലൂടെ ഇന്ത്യയും ലോക സമാധാനത്തിനുവേണ്ടി പ്രവർത്തിച്ചിരുന്ന ഒരു നല്ല കാലഘട്ടം. ആ കാലഘട്ടം ഇനി തിരിച്ചുവരാൻ പോകുന്നില്ല. കാരണം അന്താരാഷ്ട്രതലത്തിൽ പലരും പല വമ്പന്മാരുടെയും മുമ്പിൽ തലകുനിക്കുന്ന അവസ്ഥയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. അതുകൊണ്ട് ഇതിനെതിരെ പ്രതികരിക്കാൻ അവർക്ക് സാധിക്കില്ല.

അതിനാൽ സാധാരണക്കാരായ ജനങ്ങളുടെ നിത്യജീവിതത്തെ ബാധിക്കുന്ന ഈ വിലവർധനവിനെതിരെ പ്രതിഷേധിക്കുകയാണ്. ഏറ്റവും ഗൗരവപൂർണ്ണമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. പ്രവീൺ സഭവിട്ട് പുറത്തുപോയി. സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ സഭയിൽ തിരികെ ഹാജരായി.)

<u>ശ്രീ. വി. മുരളീധരൻ</u>: സർ, (മൈക്ക് ഓഫ്) ......... പോയിന്റ് ഓഫ് ഓർഡർ ...........

<u>മി. സ്പീക്കർ</u>: ആ വിഷയം കഴിഞ്ഞല്ലോ?

<u>ശ്രീ. വി. മുരളീധരൻ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ബഹുമാന്യനായ അംഗം കെ. എൻ. ബാലഗോപാലും നടത്തിയ പ്രസംഗങ്ങളിൽ ചട്ടം 307 പ്രകാരം ........ (ബഹളം)......

<u>മി. സ്പീക്കർ</u>: ശ്രീ. വി. മുരളീധരൻ, ചട്ടം 307 എന്നുപറയുന്നത് എക്സ്പഞ്ച് ചെയ്യുന്നതിനുള്ളതാണ്. ഇവിടെ പറഞ്ഞതിലൊരു കാര്യവും ആ വകുപ്പിൽ ഉൾപ്പെടുന്നില്ല. ഇപ്പോൾ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന് അനുമതി നിഷേധിച്ചു, വാക്കൗട്ട് പ്രസംഗം നടന്നു, അതിന്റെ അവസാനത്തെ പ്രസംഗവും നടന്നു. പക്ഷെ, ശ്രീ. ബി. ബി. ഗോപകുമാർ ഇടയ്ക്കുകയറി പ്രസംഗിക്കുന്നതിനായി ശ്രമിച്ചതിനുപോലും അനുമതി നൽകി. ഇനിയും അനാവശ്യമായ ഇടപെടൽ പ്രൊട്ടക്റ്റ് ചെയ്തുപോകാൻ സാധിക്കില്ല. അതുകൊണ്ട് അങ്ങ് റെസ്യൂം ചെയ്യൂ.

അങ്ങേയ്ക്ക് സംസാരിക്കാനുള്ള ബാക്കി കാര്യങ്ങൾ മറ്റ് സന്ദർഭങ്ങൾ വരുമ്പോൾ ചർച്ച ചെയ്യാം. അങ്ങ് ദയവായി ചെയറിനോട് സഹകരിക്കൂ .......…(ബഹളം) ........

<u>ശ്രീ. വി. മുരളീധരൻ</u>: സർ, (മൈക്ക് ഓഫ്) …..(ബഹളം)…...

<u>മി. സ്പീക്കർ</u>: ചട്ടം 307 ആണ് അങ്ങ് പരാമർശിക്കുന്നത് ..... (ബഹളം)…... ചട്ടം 307-ൽ ഉൾപ്പെടുന്ന വിഷയമല്ലെന്ന് ചെയർതന്നെ റൂൾ ചെയ്ത് കഴിഞ്ഞു. അതോടെ ആ പ്രശ്നം അവിടെ അവസാനിച്ചു. .......... (ബഹളം)…..... ശ്രീ. വി. മുരളീധരൻ, അങ്ങ് ചെയറുമായി സഹകരിക്കൂ. അങ്ങ് പറഞ്ഞൊരു കാര്യം ഞാൻ പരിശോധിച്ചു. ചട്ടം 307 ആണ് അങ്ങ് ഇവിടെ ക്വാട്ട് ചെയ്തത്. എന്നാൽ ചട്ടം 307-ൽ എക്സ്പഞ്ച് ചെയ്യുന്ന കാര്യമാണുള്ളത്. വാക്കൗട്ട് പ്രസംഗത്തിൽ എന്താണ് എക്സ്പഞ്ച് ചെയ്യാൻ സാധിക്കുന്നത്? അതിനാൽ വാക്കൗട്ട് പ്രസംഗത്തിന്റെ പ്രോസീജ്യർ പൂർത്തിയാകട്ടെ. അതുവരെ അങ്ങ് ചെയറിനോട് സഹകരിക്കൂ. ദയവായി അങ്ങ് സീറ്റിൽ ഇരിക്കൂ. പ്ലീസ്…...